"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പത്തനംതിട്ട ജില്ലയ്ക്ക് 2021-22 ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി കളക്ടേറ്റ് ഫ്രണ്ട് ഓഫീസ് നിർമ്മാണത്തിനും മിനി കോൺഫറൻസ് ഹാൾ നവീകരണത്തിനും അനുവദിച്ച ഭരണാനുമതി തുക പരസ്പരം മാറ്റി പ്രവൃത്തി നിർവഹിച്ച ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1023/2024/RD തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-

1. 09.07.2021-ലെ സ.ഉ.(സാധാ)നം.2386/2021/റവ നമ്പർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 09.03.2022, 07.02.2024 തീയതികളിലെ LR/1072/2021-LR(M1) നമ്പർ കത്തുകൾ.

**ഉത്തരവ്**

2021-22 ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പരാമർശം 1-ലെ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ല കളക്ടേറ്റ് ഫ്രണ്ട് ഓഫീസ് നിർമ്മാണത്തിനും (12 ലക്ഷം) മിനി കോൺഫറൻസ് ഹാൾ നവീകരണത്തിനും (6.25 ലക്ഷം) അനുവദിച്ച തുകകൾ പരസ്പരം മാറ്റി അതായത് ഫ്രണ്ട് ഓഫീസ് നിർമ്മാണത്തിനായി 6.25 ലക്ഷം രൂപയും മിനി കോൺഫറൻസ് ഹാൾ നവീകരണത്തിനായി 12 ലക്ഷം രൂപയും വിനിയോഗിച്ച് നിർമ്മാണം നിർവ്വഹിക്കുകയും അതിൽ ഫ്രണ്ട് ഓഫീസ് നിർമ്മാണത്തിനായി കണ്ടെത്തിയ സ്ട്രോങ് റൂമിന്റെ സ്പേസിൽ 6.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ടി നവീകരണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചതിനുശേഷം ടി സ്ഥലം ഫ്രണ്ട് ഓഫീസിന് അനുയോജ്യമല്ലെന്ന് മനസ്സിലാവുകയും തുടർന്ന് ടി സ്പേസ് പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിനും നോർക്ക സെല്ലിനും കൈമാറുകയും ടി ഓഫീസുകൾ പ്രവർത്തിച്ചിരുന്ന സ്പേസ് ഫർണിഷിംഗ് ചെയ്ത് സീലിംഗും ക്യൂബിക്കളും സ്ഥാപിച്ച് ഫ്രണ്ട് ഓഫീസിന് ഉപയോഗപ്പെടുത്തുന്നതിനായി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും (പുതിയ പ്രവൃത്തി) മിനി കോൺഫറൻസ് ഹാൾ നവീകരണം നിർവ്വഹിച്ച 12 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റും കൂടാതെ പത്തനംതിട്ട ജില്ലാ കളക്ടറേറ്റിലെ മിനി കോൺഫറൻസ് ഹാൾ ഫർണിഷിംഗിനായുള്ള കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള 32,52,490/- രൂപയുടെ എസ്റ്റിമേറ്റും ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിലേയ്ക്കായും തുകകൾ മാറ്റി അനുവദിച്ച ജില്ലാ കളക്ടറുടെ നടപടി സാധൂകരിക്കുന്നതിലേയ്ക്കായും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2-ലെ കത്തുകൾ പ്രകാരം സമർപ്പിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പരാമർശം-1 പ്രകാരം പത്തനംതിട്ട ജില്ലയിലെ കളക്ടേറ്റ് ഫ്രണ്ട് ഓഫീസ് നിർമ്മാണത്തിനായി അനുവദിച്ച ഭരണാനുമതി തുകയായ 12 ലക്ഷം രൂപ മിനി കോൺഫറൻസ് ഹാൾ നവീകരണത്തിനായി മാറ്റി അനുവദിച്ച ജില്ലാ കളക്ടറുടെ നടപടിയും കൂടാതെ മിനി കോൺഫറൻസ് ഹാൾ നവീകരണത്തിനായി അനുവദിച്ച ഭരണാനുമതി തുകയായ 6.25 ലക്ഷം രൂപ വിനിയോഗിച്ച് സ്ട്രോങ്ങ് റൂം (ഉപയോഗശൂന്യമായി കിടന്ന) നവീകരിച്ച ജില്ലാ കളക്ടറുടെ നടപടിയും (പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെയും നോർക്ക സെല്ലിന്റെയും ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി) സാധൂകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.1023/2024/RD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, പത്തനംതിട്ട.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Pushpavally B

സെക്ഷൻ ഓഫീസർ

Date: 16-03-2024 10:22:20